പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2491 | 05.11. 2019 ൽ മറുപടിക്ക്

# വൈദ്യുതി നിരക്കിന്റെ വർദ്ധനവ്

ചോദ്യം

ശ്രീ. വി.കെ.സി.മമ്മത് കോയ

ഉത്തരം

ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വർദ്ധിപ്പിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ; | (എ) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം രണ്ടു തവണ വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ട്.<br>17.04.2017 – ൽ, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ സ്വമേധയാ പുറപ്പെടുവിച്ച താരിഫ് പരിഷ്കരണ ഉത്തരവു പ്രകാരം സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ് പരിഷ്കരിച്ചിട്ടുണ്ടായിരുന്നു.<br>തുടർന്ന് 08.07.2019 – ൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ, 08.07.2019 മുതൽ സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് പരിഷ്കരിച്ചിരുന്നു.<br>വൈദ്യുതി നിയമം, 2003, കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് പോളിസി– 2006, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള 2018- ലെ താരിഫ് ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ, കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതീക്ഷിത വരവു ചെലവു കണക്കുകൾ റെഗുലേറ്ററി കമ്മീഷൻ നിഷ്കർഷിക്കുന്ന പ്രകാരം, കമ്മീഷൻ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കാറുണ്ട്. എന്നാൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന താരിഫ് പരിഷ്കരണ ഉത്തരവിലൂടെ, റവന്യൂ കമ്മിയുടെ (ARR & ERC ഉത്തരവിലൂടെ നിജപ്പെടുത്തുന്ന) ഒരു ഭാഗം മാത്രമേ നികത്തുവാൻ അനുവദിക്കുന്നുള്ളൂ. അമിതമായ താരിഫ് വർദ്ധനവ് ഉണ്ടാകാതിരിക്കാൻ വേണ്ടി ബാക്കി തുക പിൽക്കാലത്തേക്ക് മാറ്റിവയ്ക്കപ്പെടുന്നു.<br>സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള ട്രൂയിങ്ങ് അപ്പ് (Truing up) ഉത്തരവുകൾ പ്രകാരം2016 - 17 വരെയുള്ള നികത്തപ്പെടാത്ത റവന്യൂകമ്മി 6734.17 കോടി രൂപയാണ്.<br>കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള താരിഫ് പോളിസി പ്രകാരം, താരിഫ് പരിഷ്കരണത്തിലൂടെ നികത്തപ്പെടാത്ത റവന്യൂ കമ്മി, ഏഴു വർഷം കൊണ്ട് താരിഫ് പരിഷ്കരണത്തിലൂടെ നികത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം 2018-19 ലേക്ക് (കമ്മീഷൻ പുറപ്പെടുവിച്ചി- |

| | |
|---|---|
| | ട്ടുള്ള താരിഫ് ചട്ടങ്ങൾ പ്രകാരം) കണക്കാക്കിയിട്ടുള്ള വരവു ചെലവു കണക്കുകൾ തമ്മിലുള്ള അന്തരം 1100.70 കോടി രൂപയാണ്. ഇതോടൊപ്പം നികത്തപ്പെടാത്ത കമ്മിയുടെ, ഒരു ഭാഗവും കൂടി ചേർത്ത് 2018 – 19 ൽ 1101.72 കോടി രൂപയുള്ള താരിഫ് വർദ്ധനവിനു ശുപാർശ ചെയ്തെങ്കിലും, റെഗുലേറ്ററി കമ്മീഷൻ 08.07.2019 – ലെ ഉത്തരവിലൂടെ 2019 -20 സാമ്പത്തിക വർഷത്തിൽ 902.94 കോടി രൂപ മാത്രമേ ഈടാക്കാൻ അനുവദിച്ചിട്ടുള്ളൂ.<br>റെഗുലേറ്ററി കമ്മീഷന്റെ 17.04.2017 – ലെ താരിഫ് പരിഷ്കരണ ഉത്തരവനുസരിച്ച്, ഒരു യൂണിറ്റ് വൈദ്യുതി ഉപഭോക്താവിന് നൽകുന്നതിന് ശരാശരിചെലവ്5.26 രൂപയാണ്. എന്നാൽ ഗാർഹ‌ിക വിഭാഗത്തിൽ നിന്ന് ലഭിക്കുന്ന വരുമാനം 4.13 രൂപയാണ്. ഇതുമൂലം, പ്രതിവർഷം, 1200 കോടി രൂപയുടെ വരുമാന നഷ്ടം ഉണ്ടാകുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ഗാർഹികേതര വിഭാഗം ഉപഭോക്താക്കളുടെ താരിഫ് മേൽ പറഞ്ഞ ശരാശരി ചെലവിനേക്കാൾ ഉയർത്തിയാണ് ഈ വരുമാന നഷ്ടം ഒരളവുവരെ പരിഹരിക്കുന്നത്. എന്നാൽ കേന്ദ്രസർക്കാർ പുറപ്പെടുവിച്ച താരിഫ് പോളിസി പ്രകാരം വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് ശരാശരി ചെലവിന്റെ +20% - ത്തിൽ കുറയുവാനും 20% - ത്തിൽ കൂടുവാനും പാടില്ല എന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. മേൽ സൂചിപ്പിച്ച വരുമാന നഷ്ടം ഒരളവുവരെ കുറയ്ക്കുന്നതിനും, ഗാർഹികേതര ഉപഭോക്താക്കളുടെ താരിഫ് 20% - നുള്ളിൽ പരിമിതപ്പെടുത്തുന്നതിനും. പ്രതിവർഷം ഉണ്ടാകുന്ന പൊതു വില വർദ്ധനവ് പരിഗണിച്ചും ആണ് താരിഫ് വർദ്ധനവ് വരുത്തിയത്.<br>ഇതിനു പുറമേ വൈദ്യുതി വാങ്ങൽ ചെലവിലുള്ള വർദ്ധനവ്, വലിയ മുടക്കുമുതൽ ആവശ്യമുള്ള പുന:നവീകരണീയ സ്രോതസ്സുകളുടെ വികസനം, ഗുണനിലവാരമുള്ള വൈദ്യുതി ഇടതടവില്ലാതെ നൽകുന്നതിന്, പ്രസര വിതരണ ശൃംഖലകളുടെ വികസനം എന്നിവയ്ക്കുള്ള വർദ്ധിച്ച തോതിലുള്ള മുടക്കുമുതൽ എന്നിവ കൂടി കണക്കിലെടുത്താണ് ചാർജ്ജ് വർദ്ധനവ് ശുപാർശ ചെയ്തിട്ടുള്ളത്. |
| (ബി) ഇതിന് മുമ്പ് ഏത് വർഷത്തിലാണ് വൈദ്യുതി നിരക്കുകൾ വർദ്ധിപ്പിച്ചതെന്ന് അറിയിക്കാമോ? | (ബി) 14.08.2014 –ലെ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവു പ്രകാരം 16.08.2014 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധമാണ് 18.04.2017–നു മുമ്പ് വൈദ്യുതി നിരക്കുകൾ വർദ്ധിപ്പിച്ചത്. |

സെക്ഷൻ ഓഫീസർ